## 10-11-2023 തീയ്യതിയിൽ നടന്ന ഉപജില്ലാ അദാലത്ത് സമിതി 1 യോഗത്തിൽ പങ്കെടുത്തവരും തീരുമാനങ്ങളും

**ഹാജർ**

1.സതീശൻ കെ വി കൺവീനർ ഇന്റേണൽ വിജിലൻസ് ഓഫീസർ

2.നിധിൻ എസ് ഡെപ്യൂട്ടി ടൌൺ പ്ലാനർ കണ്ണൂർ

തദ്ദേശ സ്ഥാപന പ്രതിനിധികൾ

1. ബബിത ടി സീനിയർ ക്ലർക്ക് രാമന്തളി ഗ്രാമപഞ്ചായത്ത്
2. ശ്രീപ്രിയ സുരേഷ് സെക്കൻറ് ഗ്രേഡ് ഓവർസീയർ രാമന്തളി ഗ്രാമപഞ്ചായത്ത്
3. പ്രേമൻ പി കെ സെക്രട്ടറി മാടായി ഗ്രാമപഞ്ചായത്ത്

പരാതിക്കാർ /പ്രതിനിധികൾ

1.സബീന ചേനോത്ത് അങ്ങാടിക്ക് വേണ്ടി സഹോദരൻ അൻവർ ചേനോത്ത് അങ്ങാടി

യോഗം രാവിലെ 10.30 ന് ആരംഭിച്ചു

അജണ്ട 1

കഴിഞ്ഞ യോഗങ്ങളിലെ തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച്

(1).കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്ത് ശ്രീ, അപ്യാൽ അച്ചുതൻ ,സാമിമുക്ക് പെരളം, .എന്നവരുടെ പരാതിയിൽ നിലവിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് സഹായകമായ നിർദ്ദേശങ്ങൾ പരാതിക്കാരന് നൽകിയിട്ടുണ്ട് . പരിഹരിച്ച് അപേക്ഷ നൽകുന്ന മുറക്ക് തുടർനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകി

(2).മടയന്റെ വളപ്പിൽ ഹഫ്സത്ത് മാട്ടൂൽ എന്നവരുടെ പരാതിയിൽ KPBR2019 ചട്ടങ്ങളുടെ ലംഘനം നിലനിൽക്കുന്നതിനാൽ പരാതി നിരസിച്ചിട്ടുള്ളതാണ്.

അജണ്ട 2

രാമന്തളി ഗ്രാമപഞ്ചായത്തിനെതിരെ ചേനോത്ത് അങ്ങാടിയിൽ സബീന രാമന്തളി എന്നവരുടെ പരാതി

ശ്രീമതി സബീന 18-03-2014 തീയ്യതിയിൽ ലഭിച്ച കെട്ടിട നിർമ്മാണാനുമതിയുടെ അടിസ്ഥാനത്തിൽ പണി ആരംഭിക്കുകയും അനുമതി കാലാകാലം പുതുക്കുകയും ചെയ്തിട്ടുണ്ടെന്നും 2021 ൽ കെട്ടിടം പണി പൂർത്തീകരിച്ച് നമ്പർ ലഭിക്കുന്നതിന് അപേക്ഷിച്ചപ്പോൾ ഡി-2781/21 കത്ത് പ്രകാരം അപാകതകൾ അറിയിച്ചിട്ടുണ്ട്.ആയത് പരിഹരിച്ച് പുനഃസമർപ്പിച്ചെങ്കിലും സേവനം ലഭിച്ചില്ല. തുടർന്ന് വലിയ തുക ഒടുക്കി ക്രമവൽക്കരിക്കണമെന്ന് അറിയിക്കുകയുണ്ടായി.നിലവിലുള്ള പെർമിറ്റ് കാലാവധിക്കുള്ളിൽ സമർപ്പിച്ച അപേക്ഷയിൽ പുതുക്കിയ ഫീസ് ബാധകമാക്കുന്നതിനെതിരായാണ് പരാതി.

21-7-2014 തീയ്യതിയിൽ ഡി 79/14-15 നമ്പറായി ചേനോത്ത് അങ്ങാടിയിൽ അസ്സൻ എന്നവരുടെ 343.58 ച.മീ.വിസ്തീർണ്ണമുള്ള വാസഗൃഹനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പെർമിറ്റ് കാലാവധിക്ക് ശേഷം 10-10-2017 ന് ലഭിച്ച അപേക്ഷ അനുസരിച്ച് സബീന ചേനോത്ത് അങ്ങാടി പേരിലേക്ക് പെർമിറ്റ് മാറ്റി നല്കി കാലാവധി 19-07-2020 വരെ പുതുക്കി നല്കിയിട്ടുണ്ട്. 27-06-21 ലെ ആർ എ1 /195/2021 സർക്കുലർ പ്രകാരം പെർമിറ്റ് കാലാവധി 30-09-2021 വരെ ദീർഘിപ്പിച്ച് നല്കിയിട്ടുണ്ട്.

19-07-2021 ന് പരാതിക്കാരൻ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചു.പ്രസ്തുത പ്ലാനിൽ 13.1 ച.മീ.അധിക നിർമാണം നടത്തിയിട്ടുണ്ട്. 20-11-2019 ലെ നമ്പർ 201/ ആർഡി 1 / 2019 / ത സ്വ ഭവ സർക്കുലർ പ്രകാരം അധിക നിർമാണം ഉള്ളതിനാൽ കെ പി ബി ആർ 2019 ആണ് ബാധകമാവുക എന്നതിനാൽ അപാകതകൾ പരിഹരിക്കുന്നതിന് 02-08-21 ന് രേഖാമൂലം അപേക്ഷകനെ അറിയിച്ചിട്ടുണ്ട്. ഈ അപാകതകൾ പരിഹരിച്ച് 18-06-2022 നാണ് പുനഃസമർപ്പിച്ചിട്ടുള്ളത്. ആയത് പരിശോധിച്ചതിൽ പെർമിറ്റിന്റെ കാലാവധി തീർന്നതിനാൽ മുഴുവൻ കെട്ടിടത്തിനും ക്രമവത്ക്കരണ ഫീസ് ബാധകമാക്കി ഈടാക്കുന്നതിന് നോട്ടീസ് നൽകി.

മുഴുവൻ കെട്ടിടത്തിനും ക്രമവത്ക്കരണ ഫീസ് ബാധകമാക്കി ഈടാക്കേണ്ടതുണ്ടോ എന്നതാണ് വിഷയം.

വസ്തുതകൾ

1. നിലവിലുള്ള പെർമിറ്റിന്റെ കാലാവധി 30-09-21 ന് അവസാനിച്ചു.
2. പെർമിറ്റിന്റെ കാലാവധി അവസാനിച്ചതിന് ശേഷം 18-06-22നാണ് അപാകതകൾ പരിഹരിച്ച് അപേക്ഷ പുനഃസമർപ്പിച്ചിട്ടുള്ളത്.
3. 343.58 ച.മീ.വിസ്തീർണ്ണമുള്ള വാസഗൃഹനിർമ്മാണത്തിനാണ് പെർമിറ്റ് അനുവദിച്ചിരുന്നത്. 356.68 ച.മീ.വിസ്തീർണ്ണമാണ് പൂർത്തീകരിച്ച കെട്ടിടത്തിനുള്ളത്.

വിശകലനം

1. കെ പി ബി ആർ 2019 ചട്ടം 93 പ്രകാരം അപേക്ഷ പരിഗണിച്ചാൽ ചട്ടം 94 പ്രകാരമുള്ള ഫീസ് ബാധകമാണ് .ചട്ടം 95(4) പ്രകാരം രാജിയാക്കൽ ഫീസ് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കുന്നതാണ്

2. കെ പി ബി ആർ 2019 ചട്ടം 89(1) പ്രകാരം അപേക്ഷകൻ ,അംഗീകൃത പ്ലാനിലോ അല്ലെങ്കിൽ നിർമ്മാണവിവരണങ്ങളിലോ വ്യതിയാനം വരുത്തുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അയാൾ പരിഷ്കരിച്ചപ്ലാനുകളും ഡ്രോയിംഗുകളും സമർപ്പിച്ച്, പഴയ പെർമിറ്റിന് പകരം പുതിയ പെർമിറ്റ് നേടേണ്ടതുമാണ്.

എന്നാൽ അത്തരം സംഗതികളിലെ പെർമിറ്റ് ഫീസ് ആദ്യം ഒടുക്കിയ പെർമിറ്റ് ഫീസിനേക്കാൾ കൂടുതലാണെങ്കിൽ അധിക തുക മാത്രം ഒടുക്കിയാൽ മതിയാകുന്നതും പെർമിറ്റ് അവസാനിക്കുന്ന തീയ്യതി പഴയ പെർമിറ്റിന്റേതു തന്നെ ആയിരിക്കുന്നതുമാണ്.

മേൽ ചട്ടം 89(1) പ്രകാരം അപേക്ഷ പരിഗണിക്കണമെങ്കിൽ സാധുവായ കാലാവധി ഉള്ള ഒരു പെർമിറ്റ് ഉണ്ടായിക്കേണ്ടതാണെന്ന് വ്യക്തമാണ്.

തീരുമാനം

343.58 ച.മീ.വിസ്തീർണ്ണമുള്ള വാസഗൃഹനിർമ്മാണത്തിനാണ് പെർമിറ്റ് അനുവദിച്ചിരുന്നത്. നിലവിലുള്ള പെർമിറ്റിന്റെ കാലാവധി 30-09-21 ന് അവസാനിച്ചു . 356.68 ച.മീ.വിസ്തീർണ്ണമാണ് പൂർത്തീകരിച്ച കെട്ടിടത്തിനുള്ളത്. പെർമിറ്റിന്റെ കാലാവധി അവസാനിച്ചതിനാലും അംഗീകരിച്ച പ്ലാനിലും. പെർമിറ്റിൽ നിന്നും വ്യതിയാനം വന്നിട്ടുള്ളതിനാലും കെ പി ബി ആർ 2019 പ്രകാരം സെക്രട്ടറിയുടെ നടപടിയിൽ അപാകതകൾ ഇല്ല

അജണ്ട 3

മാടായി ഗ്രാമ പഞ്ചായത്തിനെതിരെ ബിനു കോളിയാട് എന്നവരുടെ പരാതി

27-09-23 തീയ്യതിയിൽ ലൈസൻസ് അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ നാളിതുവരെ സേവനം നൽകിയിട്ടില്ല.അപേക്ഷയിൽ കാലതാമസം വന്നത് താഴെ ചേർക്കുന്നു.

അപേക്ഷ ലഭിച്ചത് 27-09-23

13-10-23 വരെ ഉമാദേവി കെ സീനിയർ ക്ലർക്ക്

18-10-23 വരെ സൌമ്യ കെ എം ക്ലർക്ക്

10-11-23 വരെ നിധിൻ പി എൻ ക്ലർക്ക് അദാലത്ത് തീയ്യതി വരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

തീരുമാനം

ബിനു കോളിയാട് എന്നവരുടെ 27-09-23 തീയ്യതിയിൽ ലൈസൻസ് അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ 5 ദിവസത്തിനകം സേവനം നൽകി അദാലത്തിന് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്

അജണ്ട 4

മാടായി ഗ്രാമ പഞ്ചായത്തിനെതിരെ ഷഫീദ എന്നവരുടെ പരാതി

തീരുമാനം

ഷഫീദ എന്നവരുടെ അപേക്ഷയിൽ 18ൽ 426 കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി നൽകിയെന്ന് സെക്രട്ടറി അറിയിച്ചു. പുതുക്കിയ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് അദാലത്തിന് ലഭ്യമാക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചു

അജണ്ട 5

മാടായി ഗ്രാമ പഞ്ചായത്തിനെതിരെ ആമിന പി പി എന്നവരുടെ പരാതി

തീരുമാനം

ആമിന പി പി എന്നവരുടെ അപേക്ഷയിൽ 158/2023 ആയി മരണം റജിസ്റ്റർ ചെയ്ത് നൽകിയെന്ന് സെക്രട്ടറി അറിയിച്ചു. തുടർനടപടി ഇല്ല

അജണ്ട 6

മാടായി ഗ്രാമ പഞ്ചായത്തിനെതിരെ കാർത്ത്യായനി എന്നവരുടെ പരാതി

20-09-23 തീയ്യതിയിൽ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ നാളിതുവരെ സേവനം നൽകിയിട്ടില്ല.അപേക്ഷയിൽ കാലതാമസം വന്നത് താഴെ ചേർക്കുന്നു.

അപേക്ഷ ലഭിച്ചത് 20-09-23

21-09-23 വരെ ഹസ്നത്ത് ഇ പി ക്ലർക്ക്

26-09-23 വരെ മോറിസ് മനോജ് കെ ക്ലർക്ക്

26-09-23 മുതൽ 10-10-23 വരെ നിധിൻ പി എൻ ക്ലർക്ക് അദാലത്ത് തീയ്യതി വരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

തീരുമാനം

കാർത്ത്യായനി എന്നവരുടെ 20-09-23 തീയ്യതിയിലെ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ 5 ദിവസത്തിനകം സേവനം നൽകി അദാലത്തിന് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണെന്ന് സെക്രട്ടറിയോട് നിർദ്ദേശിച്ചു

അജണ്ട 7

മാടായി ഗ്രാമ പഞ്ചായത്തിനെതിരെ വിനോദ് കെ എന്നവരുടെ പരാതി

തീരുമാനം

വിനോദ് കെ എന്നവരുടെ അപേക്ഷയിൽ 157/2023 ആയി മരണം റജിസ്റ്റർ ചെയ്ത് നൽകിയെന്ന് സെക്രട്ടറി അറിയിച്ചു. തുടർനടപടി ഇല്ല

അജണ്ട 8

മാടായി ഗ്രാമ പഞ്ചായത്തിനെതിരെ ശർമിള കെ വി എന്നവരുടെ പരാതി

18-08-23 തീയ്യതിയിൽ കെട്ടിടത്തിന്റെ ഒക്കുപൻസി  അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ നാളിതുവരെ സേവനം നൽകിയിട്ടില്ല.അപേക്ഷയിൽ കാലതാമസം വന്നത് താഴെ ചേർക്കുന്നു.

അപേക്ഷ ലഭിച്ചത് 18-08-23

26-08-23 വരെ  രാഹുൽ കെ ക്ലർക്ക്

21-10-23 വരെ ജോബി ജേക്കബ് ഓവർസീയർ

26-10-23 വരെ രാഹുൽ കെ ക്ലർക്ക്

28-10-23 മുതൽ  അജിത്ത്കുമാർ  ജെ എസ് അദാലത്ത് തീയ്യതി വരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

തീരുമാനം

ശർമിള കെ വി എന്നവരുടെ 18-08-23 തീയ്യതിയിലെ കെട്ടിടത്തിന്റെ ഒക്കുപൻസി  അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ 5 ദിവസത്തിനകം സേവനം നൽകി  അദാലത്തിന്  റിപ്പോർട്ട്  ലഭ്യമാക്കേണ്ടതാണെന്ന് സെക്രട്ടറിയോട് നിർദ്ദേശിച്ചു

അജണ്ട  8

എരമം കുറ്റൂർ ഗ്രാമ പഞ്ചായത്തിനെതിരെ ഷമീം എം കെ പി  എന്നവരുടെ പരാതി

തീരുമാനം

കൂടുതൽ വിവരങ്ങൾ ആവശ്യമായതിനാൽ അടുത്ത മീറ്റിംഗിലേക്ക് മാറ്റിവെച്ചു

യോഗം ഉച്ചക്ക് ശേഷം 1.30 ന് അവസാനിച്ചു